# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അറിവ്, നൈപുണ്യം, നൂതനാശയം എന്നിവയെ രാഷ്ട്രനിർമ്മാണത്തിനായി വിനിയോഗിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

   **Vice President CP Radhakrishnan calls for utilizing knowledge, skills, and innovation for nation-building.**

2. പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് അധ്യക്ഷത വഹിക്കും.

   **12th BRICS Environment Ministers' meeting to be held in New Delhi tomorrow; Union Minister Bhupender Yadav to chair.**

3. **UGC-NET** മൂന്ന് വിഷയങ്ങളുടെ പുനഃപരീക്ഷ സെപ്റ്റംബർ 9, 10 തീയതികളിൽ നടക്കുമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി.

   **NTA announces UGC-NET re-exam for three subjects scheduled on September 9 and 10.**

4. വിഴിഞ്ഞം തുറമുഖത്തിൻറെ സമ്പൂർണ്ണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് നാളെ

തുടക്കമാകും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും.

**Vizhinjam port set to commence full-scale import-export operations tomorrow; Union Minister Sarbananda Sonowal to attend as chief guest.**

5. റഷ്യ-യുക്രൈൻ മിസൈൽ-ഡ്രോൺ ആക്രമണങ്ങളിൽ ഇരുരാജ്യങ്ങളിലുമായി പതിനൊന്ന് പേർ കൊല്ലപ്പെട്ടു.

   **Eleven killed in fresh Russia-Ukraine missile and drone strikes.**

6. **BWF** ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കം. ഇന്ത്യയുടെ പി.വി. സിന്ധു ഇന്നിറങ്ങും.

   **BWF badminton world championships kick off today; India's PV Sindhu to begin campaign.**

&&&&&&&&&&&&&&&&&&&&&&

Vice President

അറിവ്, നൈപുണ്യം, നൂതനാശയം എന്നിവയെ രാഷ്ട്രനിർമ്മാണത്തിനായി വിനിയോഗിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള രാജ്യത്തിന്റെ പ്രയാണത്തിൽ യുവാക്കൾക്ക് സുപ്രധാന പങ്കുവഹിക്കാനുണ്ടെന്ന് ചെന്നൈയിൽ എസ്. ആർ. എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ 22-ാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&

EVE. AMIT SHAH-RAJASTHAN VISIT(intro)

2047-ഓടെ ഇന്ത്യയെ സമ്പൂർണ്ണ വികസിത രാഷ്ട്രമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് യുവാക്കൾ, ദരിദ്രർ, സ്ത്രീകൾ, കർഷകർ എന്നിവരെ ശാക്തീകരിക്കേണ്ടത് അനിവാര്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ . രാജസ്ഥാനിലെ അൽവറിൽ വിവിധ

വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കർഷകരുടെ ക്ഷേമത്തിനായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&**

## NTA - UGC NET RETEST

ചോദ്യപേപ്പറുകളിലുണ്ടായ പിശകുകളെക്കുറിച്ചുള്ള പരാതിയെത്തുടർന്ന് UGC-NET പരീക്ഷയിലെ ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി എന്നീ വിഷയങ്ങളുടെ പുനഃപരീക്ഷ സെപ്റ്റംബർ 9, 10 തീയതികളിൽ നടക്കുമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. രാവിലെ 9 മുതൽ 12 വരെ ആദ്യ ഷിഫ്റ്റിൽ ഇംഗ്ലീഷ് പരീക്ഷയും, അതേ ദിവസം ഉച്ചയ്ക്ക് 3 മുതൽ വൈകുന്നേരം 6 വരെ രണ്ടാമത്തെ ഷിഫ്റ്റിൽ കൊമേഴ്സ് പരീക്ഷയും നടക്കും. സോഷ്യോളജി പരീക്ഷ സെപ്റ്റംബർ 10-ന് രാവിലെ 9 മുതൽ 12 വരെ ആദ്യ ഷിഫ്റ്റിൽ നടക്കും. പിശകുകൾ പരിശോധിക്കുന്നതിനായി NTA നിയോഗിച്ച സമിതിയുടെ ശുപാർശയെത്തുടർന്നാണ് മൂന്നു വിഷയങ്ങളുടെയും പുനഃപരീക്ഷ പ്രഖ്യാപിച്ചത്.

**&&&&&&&&&&&&**

## INDIA - BRICS MEETING

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് യോഗത്തിൽ അധ്യക്ഷത വഹിക്കും. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കൽ' എന്ന ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയുടെ പ്രധാന പ്രമേയത്തിന് കീഴിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിസ്ഥിതി വർക്കിംഗ് ഗ്രൂപ്പ്, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം എന്നിവ കൈകാര്യം ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥരുടെ യോഗം ഇന്ന് ചേരും.

**&&&&&&&&&&&&**

## NATIONAL ANUBHAV AWARDS 2026

രാഷ്ട്രനിർമ്മാണത്തിൽ നിർണായക സംഭാവനകൾ നൽകിയവർക്കുള്ള ഈ വർഷത്തെ ദേശീയ 'അനുഭവ്' പുരസ്കാരം ഇന്ന് സമ്മാനിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹ മന്ത്രി ജിതേന്ദ്ര സിംഗ് പുരസ്കാരം കൈമാറും. 'പെൻഷൻ മിത്ര' ഹാൻഡ്ബുക്കിന്റെയും, രാജ്യവ്യാപകമായ 'ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്' മാർഗ്ഗരേഖകളുടെയും പ്രകാശനവും ഉണ്ടാകും.

&&&&&&&&&&&&

## AIR INDIA

വിശാഖപട്ടണത്തേക്കും തിരിച്ചുമുള്ള എയർ ഇന്ത്യയുടെ എല്ലാ വിമാനങ്ങളും ഇന്നു മുതൽ ഭോഗാപുരത്തെ പുതിയ 'അല്ലൂരി സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവള'ത്തിൽ നിന്ന് പ്രവർത്തിക്കുമെന്ന് എയർ ഇന്ത്യ. നിലവിലുള്ള 'VTZ' എന്ന വിമാനത്താവള കോഡ് തന്നെയാകും ഇതിനും ഉപയോഗിക്കുക. ഭോഗാപുരത്തിനും ഡൽഹിക്കും ഇടയിൽ ആഴ്ചയിൽ 14 വിമാന സർവീസുകൾ തുടരുമെന്നും എയർ ഇന്ത്യ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

&&&&&&&&&&&&

## LADAKH-CENSUS

2027 സെൻസസിനായുള്ള Self-enumeration ജമ്മു കശ്മീരിലെ ചില ഇടങ്ങളിലും ലഡാക്കിലും ഇന്ന് ആരംഭിക്കും. ഓഗസ്റ്റ് 31 വരെയാണ് സമയപരിധി.

&&&&&&&&&&&&

## VIZHINJAM (INTRO)

രാജ്യത്തെ ഏറ്റവും സുപ്രധാന വാണിജ്യ കവാടമായി വിഴിഞ്ഞം തുറമുഖം മാറുന്നതിന് ഔദ്യോഗിക തുടക്കം കുറിച്ച്, സമ്പൂർണ്ണ കയറ്റുമതി-ഇറക്കുമതി- എക്സിം പ്രവർത്തനങ്ങൾക്ക് നാളെ തുടക്കമാകും.

**വിശദാംശങ്ങളിലേക്ക്......**

**(ഹോൾഡ് വോയ്സ്)**

മുഖ്യമന്ത്രി വി.ഡി. സതീശൻ ആദ്യ കയറ്റുമതി കണ്ടെയ്നർ ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും. തുറമുഖാധിഷ്ഠിത വ്യവസായ-ലോജിസ്റ്റിക്സ് വികസന പദ്ധതിയായ 'മിഷൻ സമുദ്ര'യും സംസ്ഥാന സർക്കാർ ചടങ്ങിൽ പ്രഖ്യാപിക്കും. ആഗോള ഷിപ്പിംഗ് കമ്പനികൾ, ലോജിസ്റ്റിക്സ് സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ, നിക്ഷേപകർ, വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുക്കുന്ന സമ്മേളനത്തിൽ കേരളത്തിന്റെ മാരിടൈം സാമ്പത്തിക വികസന കാഴ്ചപ്പാട് അവതരിപ്പിക്കുന്നതോടൊപ്പം മിഷൻ സമുദ്ര ഔദ്യോഗികമായി പ്രഖ്യാപിക്കും.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

**&&&&&&&&&&&&**

## ONAM

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണക്കാലത്തിന് തുടക്കം കുറിച്ച് ഇന്ന് ചിങ്ങം ഒന്ന്. കാർഷിക സമൃദ്ധിയുടെ അടയാളമായി ഇന്ന് മലയാളി കർഷക ദിനവും ആഘോഷിക്കുന്നു. സംസ്ഥാന കർഷക ദിനാഘോഷം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് എറണാകുളത്ത് ഉദ്ഘാടനം ചെയ്യും. സംസ്ഥാന കർഷക പുരസ്കാരങ്ങളും വിതരണം ചെയ്യും. ഓണ വിപണികൾ സജീവമാകുന്നതോടെ ഓണത്തെ ആഘോഷപൂർവം എതിരേൽക്കാനുള്ള ഒരുക്കത്തിലാണ് വീടകങ്ങളും നാടും.

**&&&&&&&&&&&&**

## ONAM CELEBRATION

ഓണം വാരാഘോഷത്തിനൊരുങ്ങി തലസ്ഥാന നഗരി. വാരാഘോഷത്തിൻറെ ഭാഗമായുള്ള ഫെസ്റ്റിവൽ ഓഫീസ് ഉദ്ഘാടനം നാളെ മന്ത്രി പി.സി വിഷ്ണുനാഥ് നിർവഹിക്കും. ഈ മാസം 24 മുതൽ 30 വരെ വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളാണ് നഗരത്തിൽ സംഘടിപ്പിക്കുക.

**&&&&&&&&&&&&**

## AKASHAVANI

ഓണാഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം ഇന്നു തിരുവനന്തപുരത്ത് ശ്രാവണ സംഗീതിക

അവതരിപ്പിക്കും. വിമൻസ് കോളേജ് സംഗീത വിഭാഗത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പരിപാടി രാവിലെ 10 മണിക്ക് സംഗീതജ്ഞ ലളിത ഗോപാലൻ നായർ ഉദ്ഘാടനം ചെയ്യും. ആകാശവാണി തിരുവനന്തപുരം നിലയം മേധാവി എ ജി ബൈജു, പ്രോഗ്രാം മേധാവി പി എ ബിജു, വിമൻസ് കോളേജ് പ്രിൻസിപ്പൽ ചിത്ര ത്രിവിക്രമൻ നായർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&

## SABARIMALA

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു.

ശബരിമല ഉൾക്കഴകം, പമ്പാ മേൽശാന്തിമാർ എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് ഇന്ന് നടക്കും. പടിപൂജ ഉൾപ്പെടെയുള്ള എല്ലാ വിശേഷാൽ പൂജകളും ഇന്ന്മുതൽ നടക്കും. ചിങ്ങമാസ പൂജ പൂർത്തിയാക്കി 21ന് നട അടച്ചാൽ ഓണ പൂജകൾക്കായി ഈമാസം 24 ന് നട വീണ്ടും തുറക്കും. നാല് ദിനങ്ങളിൽ ഭക്തർക്ക് ഓണ സദ്യയും നൽകും.

&&&&&&&&&&&&

## RUSSIA-UKRAINE CONFLICT

റഷ്യ-യുക്രൈൻ മിസൈൽ-ഡ്രോൺ ആക്രമണങ്ങളിൽ ഇന്നലെ ഇരുരാജ്യങ്ങളിലുമായി പതിനൊന്ന് പേർ കൊല്ലപ്പെട്ടു. നിരവധി വീടുകൾക്കും റെയിൽവേ സ്റ്റേഷനും കേടുപാടു സംഭവിച്ചു.

&&&&&&&&&&&&

## WEST ASIA-WARS-GAZA

ഗാസ വെടിനിർത്തൽ ചർച്ചകളുടെ ഭാഗമായി, യു.എസ്. പ്രതിനിധി ജാരെഡ് കുഷ്നർ ഹമാസ് തലവനുമായി കൂടിക്കാഴ്ച നടത്തി. ഇസ്രായേൽ പ്രധാനമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഗാസയിൽ ഹമാസ് ആയുധം വെച്ചൊഴിയാനും, പലസ്തീനിൽ നിന്ന് ഇസ്രായേൽ പിന്മാറാനുമുള്ള, പുതിയ 15-ഇന മാർഗ്ഗരേഖ സംരക്ഷിക്കുക എന്നതാണ് ചർച്ചകളുടെ പ്രധാന ലക്ഷ്യം.

&&&&&&&&&&&&

## ZIMBABWE FERRY INCIDENT

സിംബാബ്‌വെയിലെ കരിബ തടാകത്തിൽ ബോട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 84 ആയി. 90 പേർക്ക് മാത്രം സഞ്ചരിക്കാൻ അനുമതിയുള്ള ബോട്ടിൽ 153 ഓളം യാത്രക്കാരാണുണ്ടായിരുന്നത്.

&&&&&&&&&&&&

## BWF BADMINTON WC- EARLY

BWF ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി.വി. സിന്ധു അയർലൻഡിന്റെ സോഫിയ നോബിളിനെ നേരിടും. വനിതാ ഡബിൾസിൽ ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യം ആദ്യ റൗണ്ടിൽ സ്പെയിൻ താരങ്ങളെ നേരിടും. വൈകുന്നേരം നടക്കുന്ന പുരുഷ സിംഗിൾസ് മത്സരത്തിൽ, ഇന്ത്യൻ താരം ആയുഷ് ഷെട്ടി, ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ ചൈനയുടെ ഷി യു ക്വി-യെ നേരിടും.

&&&&&&&&&&&&

## HOCKEY

നെതർലാൻഡ്സിൽ നടക്കുന്ന വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യ - ചൈന മത്സരം സമനിലയിൽ. ഇരു ടീമും രണ്ടു ഗോൾ വീതം നേടി.

&&&&&&&&&&&&

## NT. TEST CRICKET

ശ്രീലങ്കയിലെ ഗാലെയിൽ നടക്കുന്ന ഇന്ത്യ -ശ്രീലങ്ക ആദ്യ ടെസ്റ്റിന്റെ മൂന്നാം ദിവസമായ ഇന്ന് , ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഇന്നലെ രണ്ടാംദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ ഒമ്പത് വിക്കറ്റിന് 460 റൺസ് എന്ന നിലയിലാണ്. പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും ടെസ്റ്റ് മത്സരം ഈ മാസം 23-ന് കൊളംബോയിൽ ആരംഭിക്കും.

&&&&&&&&&&&&

## Areca nut

ബംഗ്ലാദേശിൽ നിന്നുള്ളതാണെന്ന് തെറ്റിദ്ധരിപ്പിച്ച് ഇന്ത്യയിലേക്ക് അടയ്ക്ക ഇറക്കുമതി ചെയ്തിരുന്ന സംഘത്തെ ഡയറക്ടറേറ്റ് ഓഫ് റെവന്യൂ ഇന്റലിജൻസ് പിടികൂടി. സൗത്ത് ഏഷ്യൻ ഫ്രീ ട്രേഡ് ഏരിയ കരാറിന് കീഴിലുള്ള സൗജന്യ കസ്റ്റംസ് തീരുവ ആനുകൂല്യങ്ങൾ അനധികൃതമായി കൈപ്പറ്റുകയായിരുന്നു സംഘത്തിൻറെ ലക്ഷ്യം. കേസിൽ ഇതുവരെ രണ്ടായിരത്തി അഞ്ഞൂറ് കോടി രൂപയിലധികം റവന്യൂ നഷ്ടം സംഭവിച്ചതായി ധനമന്ത്രാലയം വ്യക്തമാക്കി. സംഭവവുമായി ബന്ധപ്പെട്ട് ഒൻപത് പേർ അറസ്റ്റിലായിട്ടുണ്ട്.

&&&&&&&&&&&&

## ARMY CHIEF-NEPAL

ഇന്ത്യയും നേപ്പാളും തമ്മിലുള്ള സൈനിക സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി കരസേനാ മേധാവി ജനറൽ ധീരജ് സേഠ് മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നേപ്പാളിലെത്തി. ഇരുരാജ്യങ്ങൾക്കും പൊതു താല്പര്യമുള്ള വിഷയങ്ങളിൽ നേപ്പാൾ കരസേനാ മേധാവിയുമായി അദ്ദേഹം ചർച്ച നടത്തും.

&&&&&&&&&&&&

## IMD

പശ്ചിമ ബംഗാളിലെ ഗംഗാസമതല മേഖലയിലും ഒഡീഷയിലും അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അരുണാചൽ പ്രദേശ്, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ഉത്തർപ്രദേശ്, കിഴക്കൻ മധ്യപ്രദേശ്, ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, ലഡാക്ക്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലും അടുത്ത രണ്ട് ദിവസങ്ങളിൽ സമാന കാലാവസ്ഥ അനുഭവപ്പെടുമെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&

## LAKSHADWEEP

ലക്ഷദ്വീപിൽ വെള്ളിയാഴ്ച റബീഉൽ അവ്വൽ മാസപ്പിറവി ദൃശ്യമായതോടെ നബിദിനാഘോഷങ്ങൾക്ക് തുടക്കമായി. വിവിധ ദ്വീപുകളിൽ ഖാസിമാർ, മദ്റസാ കമ്മിറ്റികൾ, സന്നദ്ധ

സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ നിരവധി പേർ പങ്കെടുത്ത ഘോഷയാത്രകൾ സംഘടിപ്പിച്ചു. തുടർന്നുള്ള 12 ദിവസങ്ങളിൽ ഓരോ ദ്വീപുകളിലും വിപുലമായ പരിപാടികൾ നടക്കും.

&&&&&&&&&&&&

## NEPALESE CITIZENS ARRESTED

പശ്ചിമ ബംഗാളിലെ ഇന്ത്യ-നേപ്പാൾ അതിർത്തിയിൽ

രേഖകളില്ലാത്ത കൊണ്ടുവന്ന സ്വർണവും വെള്ളിയുമായി രണ്ട് നേപ്പാൾ സ്വദേശികളെ സശസ്ത്ര സീമാ ബൽ ഉദ്യോഗസ്ഥർ പിടികൂടി. സിലിഗുരിയിലെ പതിവ് പരിശോധനയ്ക്കിടയിലാണ് നേപ്പാളിൽ നിന്ന് ഇന്ത്യയിലേക്ക് വരികയായിരുന്ന കാർ പിടിച്ചെടുത്തത്.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&SS